REGIONAL NEWS UNIT, ALL INDIA RADIO, CALICUT

# ആകാശവാണി

## പ്രാദേശിക വാർത്തകൾ

---

**തിയ്യതി: 02-09-2024** **സമയം 06.45 AM**

---

## പ്രധാന വാർത്തകൾ

- കെട്ടികിടക്കുന്ന കേസുകൾ തീർപ്പാക്കലാണ് രാജ്യത്തെ നീതിന്യായ സംവിധാനം നേരിടുന്ന പ്രധാന വെല്ലുവിളിയെന്ന് രാഷ്ട്രപതി ദ്രൗപതി മുർമു .
- BJP യുടെ അംഗത്വ വിതരണ പരിപാടിയുടെ ആദ്യഘട്ടം ഇന്ന് മുതൽ ഈ മാസം 25 വരെ.
- വയനാട് മുണ്ടക്കൈ- ചൂരൽമല സ്കൂളുകളിലെ പുനഃപ്രവേശനോത്സവം രാവിലെ മന്ത്രി V.ശിവൻകുട്ടി ഉദ്ഘാടനം ചെയ്യും.
- സംസ്ഥാനത്ത് ബുധനാഴ്ച വരെ ശക്തമായ മഴ തുടരുമെന്ന് കേന്ദ്ര കാലാവസ്ഥ വകുപ്പ്.
- 21-ാമത് കന്നുകാലി സെൻസസിന് സംസ്ഥാനത്ത് ഇന്ന് തുടക്കമാകും.
- പാരീസ് പാരാലിമ്പിക്സിന്റെ നാലാം ദിവസവും ഇന്ത്യയുടെ മികച്ച പ്രകടനം.

## വാർത്തകൾ വിശദമായി

**രാജ്യത്തെ നീതിന്യായ സംവിധാനം നേരിടുന്ന ഏറ്റവും വലിയ വെല്ലുവിളിയാണ് കെട്ടികിടക്കുന്ന കേസുകളുടെ തീർപ്പാക്കലെന്ന് രാഷ്ട്രപതി ദ്രൗപതി മുർമു പറഞ്ഞു. 32 വർഷത്തിലേറെയായിട്ടും പരിഹാരം ലഭിക്കാത്ത പരാതികൾ പോലും കോടതികളിലുണ്ട്. ഇതിന് പരിഹാരമുണ്ടാക്കാൻ മേഖലയിലെ എല്ലാവരും മുന്നോട്ടു വരണമെന്ന്**

**അവർ ന്യൂഡൽഹിയിൽ ജില്ലാജുഡീഷ്യൽ സംവിധാനത്തിന്റെ രണ്ടു ദിവസത്തെ ദേശീയ കോൺക്ലേവിന്റെ സമാപന ചടങ്ങിൽ പറഞ്ഞു.**

**ഡെസ്ക്ക് റിപ്പോർട്ട്**

**.....(വോയ്സ്).....**

**ബലാത്സംഗമടക്കം ഹീന കുറ്റകൃത്യങ്ങളിൽ ഒരു തലമുറ തന്നെ അവസാനിച്ചശേഷമാണ് ശിക്ഷാവിധി ഉണ്ടാകുന്നതെന്നും, ഇത് സാധാരണക്കാരിൽ നീതിന്യായ സംവിധാനത്തെപ്പറ്റി അവമതിപ്പുണ്ടാക്കുമെന്ന് രാഷ്ട്രപതി വിലയിരുത്തി. ഗ്രാമങ്ങളിലെ പാവപ്പെട്ടവർ ഇതുകൊണ്ടു തന്നെ അന്യായമുണ്ടായാലും കോടതികളെ സമീപിക്കാൻ ഭയപ്പെടുന്നു. നീതിയ്ക്കുവേണ്ടി പോരാടുന്നത് ജീവിതം വിഷമകരമാക്കുമെന്ന ധാരണയിൽ അനീതികൾ നിശബ്ദമായി അവർ സഹിക്കുകയാണെന്നും രാഷ്ട്രപതി പറഞ്ഞു. ചടങ്ങിൽ സുപ്രീംകോടതിയുടെ പതാകയും, അധികാരമുദ്രയും രാഷ്ട്രപതി അനാവരണം ചെയ്തു.**

✪✪✪

**BJP യുടെ അംഗത്വ വിതരണ പരിപാടിയ്ക്ക് ഇന്ന് തുടക്കമാകും. പ്രധാനമന്ത്രി നരേന്ദ്രമോദി ഡൽഹിയിൽ പാർട്ടി അധ്യക്ഷൻ JP നദ്ദയിൽ നിന്ന് അംഗത്വം പുതുക്കി സർട്ടിഫിക്കറ്റ് കൈപ്പറ്റുന്നതോടെയാണ് ക്യാമ്പയിൻ ആരംഭിക്കുന്നത്. BJP യുടെ ഭരണഘടനയനുസരിച്ച് അഞ്ചോ, ആറോ വർഷത്തിനിടയിൽ പാർട്ടിയിലെ എല്ലാവരും അംഗത്വം പുതുക്കേണ്ടതുണ്ട്. നവംബർ പത്ത് വരെയാണ് പല ഘട്ടങ്ങളായി അംഗത്വവിതരണം നടത്തുന്നത്. ആദ്യഘട്ട വിതരണം ഈ മാസം 25 ന് സമാപിക്കും. പാർട്ടിയുടെ വെബ്സൈറ്റിലോ, മറ്റ് ഡിജിറ്റൽ പ്ലാറ്റ്ഫോമുകളിലോ, മിസ്ഡ് കോൾ വഴിയോ അംഗത്വത്തിന് അപേക്ഷിക്കാവുന്നതാണ്.**

✪✪✪

**കൗശൽ ഭാരത് കുശാൽ ഭാരത് യോജനയ്ക്ക് കീഴിൽ ഉപഭോക്തൃ സേവന പ്രതിനിധികളെ നിയമിക്കുമെന്നും അവർക്ക് 28,000 രൂപ ഓണറേറിയം നൽകുമെന്നും പ്രചരിക്കുന്ന റിപ്പോർട്ടുകൾ തെറ്റാണെന്ന് വാർത്താവിതരണ പ്രക്ഷേപണ മന്ത്രാലയം അറിയിച്ചു. നിയമനത്തിന് മുമ്പ് 1350 രൂപ രജിസ്ട്രേഷൻ ഫീസായി നൽകണമെന്ന നിർദേശവും മന്ത്രാലയം നിഷേധിച്ചു.**

✪✪✪

വയനാട് മുണ്ടക്കൈ- ചൂരൽമല സ്കൂളുകളിലെ പുനഃപ്രവേശനോത്സവം രാവിലെ മന്ത്രി V.ശിവൻകുട്ടി ഉദ്ഘാടനം ചെയ്യും. മേപ്പാടി ഗവൺമെന്റ് ഹയർസെക്കൻഡറി സ്കൂളിലാണ് ചടങ്ങ് സംഘടിപ്പിച്ചിരിക്കുന്നത്.

വെള്ളാർമല ഗവൺമെന്റ് വൊക്കേഷണൽ ഹയർ സെക്കണ്ടറി സ്കൂൾ, മേപ്പാടി ഗവൺമെന്റ് ഹയർസെക്കൻഡറി സ്കൂളിലും, മുണ്ടക്കൈ G.L.P. സ്കൂൾ, മേപ്പാടി കമ്മ്യൂണിറ്റി ഹാളിലുമാണ് തത്ക്കാലം പ്രവർത്തിക്കുന്നത്. ഉരുൾപൊട്ടലിൽ SSLC സർട്ടിഫിക്കറ്റുകൾ നഷ്ടപ്പെട്ടവർക്ക് അതിന്റെ പകർപ്പ് ചടങ്ങിൽ വിതരണം ചെയ്യും.

മുണ്ടക്കൈ- ചൂരൽമല മേഖലയിലെ ദുരിതബാധിതരായ തൊഴിലാളികൾക്ക് മേപ്പാടി സെന്റ് ജോസഫ്സ് ഓഡിറ്റോറിയത്തിൽ മന്ത്രി ധനസഹായവും വിതരണം ചെയ്യും.

✪✪✪

വയനാട് മുണ്ടക്കൈ ഉരുൾപൊട്ടൽ ദുരന്തത്തിൽ ചാലിയാറിലൂടെ ഒഴുകിവന്ന ഒരു ശരീരഭാഗം ഇന്നലെ കണ്ടെത്തി. പുഴയോരത്തെ കിണറുകൾ വൃത്തിയാക്കാനിറങ്ങിയ ട്രോമാ കെയർ അംഗങ്ങളും നാട്ടുകാരുമാണ് അമ്പിട്ടാംപൊട്ടി ഭാഗത്ത് നിന്നും അഴുകിയ നിലയിൽ ശരീരഭാഗം കണ്ടെത്തിയത്. ഇതുവരെ 80 മൃതദേഹങ്ങളും 174 ശരീര ഭാഗങ്ങളുമാണ് ചാലിയാറിൽ നിന്നും കണ്ടെടുക്കാനായത്.

✪✪✪

നാളികേര വികസന ബോർഡിന്റെ ആഭിമുഖ്യത്തിൽ ലോക നാളികേര ദിനാഘോഷം ഇന്ന് കൊച്ചിയിൽ മന്ത്രി P.രാജീവ് ഉദ്ഘാടനം ചെയ്യും. "സർക്കുലർ സമ്പദ് വ്യവസ്ഥയ്ക്കായി നാളികേരത്തിന്റെ മൂല്യം പരമാവധി വർധിപ്പിക്കുന്നതിന് കൂട്ടായ്മകൾ കെട്ടിപ്പടുക്കുക" എന്നതാണ് ഈ വർഷത്തെ പ്രമേയം. 500 ഓളം കർഷകരും, സംരംഭകരും മറ്റും പരിപാടിയിൽ പങ്കെടുക്കുന്നുണ്ട്.

✪✪✪

കേരള ഫുഡ് ടെക് കോൺക്ലേവ് ഇന്ന് കൊച്ചിയിൽ സംഘടിപ്പിക്കും. ഭക്ഷ്യ സംസ്കരണ മേഖലയിലെ നൂതന സാങ്കേതിക വിദ്യകൾ പരിചയപ്പെടുത്താനും, മേഖലയിലെ കേരളത്തിന്റെ സാധ്യതകൾ കൂടുതൽ നിക്ഷേപകരിലേക്കെത്തിക്കാനും ലക്ഷ്യമിട്ടാണ് പരിപാടി.

✪✪✪

സംസ്ഥാനത്ത് ബുധനാഴ്ച വരെ ശക്തമായ മഴ തുടരുമെന്ന് കേന്ദ്ര കാലാവസ്ഥ വകുപ്പ് അറിയിച്ചു. കനത്ത മഴ സാധ്യത കണക്കിലെടുത്ത് ഇന്ന് ആലപ്പുഴ, കോട്ടയം, എറണാകുളം, തൃശ്ശൂർ, മലപ്പുറം, കോഴിക്കോട്, കണ്ണൂർ, കാസർഗോഡ് ജില്ലകളിൽ മഞ്ഞ ജാഗ്രത നൽകി.

കേരള - ലക്ഷദ്വീപ് തീരങ്ങളിൽ ഇന്നും കർണാടക തീരത്ത് നാളെ വരെയും 35 മുതൽ 55 കിലോമീറ്റർ വരെ വേഗത്തിൽ കാറ്റിന് സാധ്യതയുണ്ടെന്നും മീൻ പിടുത്തക്കാർ കടലിൽ പോകരുതെന്നും കാലാവസ്ഥാ വകുപ്പ് കാലാവസ്ഥ വകുപ്പ് നിർദ്ദേശം നൽകിയിട്ടുണ്ട്.

✪✪✪

ചലച്ചിത്രമേഖലയിൽ കുറ്റം ചെയ്യുന്നവരെ വ്യവസ്ഥാപിത മാർഗത്തിലൂടെ ശിക്ഷിക്കാനും, മാറ്റിയെടുക്കാനും സാധിക്കണമെന്ന് ഗോവ ഗവർണർ PS ശ്രീധരൻപിള്ള അഭിപ്രായപ്പെട്ടു. പോസിറ്റീവായി ചിന്തിക്കേണ്ട മേഖലയാണ് സിനിമയെന്നും, ഏറ്റവും കൂടുതൽ സിനിമകൾ വിജയിക്കുന്ന സംസ്ഥാനമാണ് കേരളമെന്നും അദ്ദേഹം പറഞ്ഞു. കോഴിക്കോട്ട് P.V സാമി മെമ്മോറിയൽ ഇൻഡസ്ട്രിയൽ ആന്റ് സോഷ്യോ കൾച്ചറൽ അവാർഡ് വ്യവസായ പ്രമുഖൻ ഗോകുലം ഗോപാലന് സമ്മാനിക്കുകയായിരുന്നു ശ്രീധരൻ പിള്ള.

മന്ത്രി PA മുഹമ്മദ് റിയാസും, MK രാഘവൻ MP യും, മേയർ ഡോ. ബീന ഫിലിപ്പും അടക്കം പ്രമുഖർ പരിപാടിയിൽ പങ്കെടുത്തു.

✪✪✪

ഇരുപത്തിയൊന്നാമത് കന്നുകാലി സെൻസസിന് ഇന്ന് തുടക്കമാകും. നാല് മാസത്തെ കണക്കെടുപ്പ്, ഡിസംബർ 31 ന് സമാപിക്കും. സംസ്ഥാനത്തെ ഒരു കോടി 6 ലക്ഷത്തോളം വീടുകളിൽ നിന്നും, സ്ഥാപനങ്ങളിൽ നിന്നും മൃഗങ്ങളുടെ സമ്പൂർണ വിവരങ്ങൾ ശേഖരിക്കുകയും, ക്രോഡീകരിക്കുകയും ചെയ്ത് കേന്ദ്ര ഗവൺമെന്റിന് സമർപ്പിക്കും. മൃഗങ്ങളുടെ ഇനം, പ്രായം, ലിംഗഘടന എന്നിവയും, കന്നുകാലികളുടെ എണ്ണത്തിലെ വർദ്ധനയും സംബന്ധിച്ച വിവരങ്ങൾ ശേഖരിക്കുകയാണ് കണക്കെടുപ്പിന്റെ പ്രാഥമികലക്ഷ്യം.

✪✪✪

P.V അൻവർ MLA യുടെ ആരോപണങ്ങൾ ഗൗരവകരമാണെന്നും വിഷയം UDF ചർച്ച ചെയ്യുമെന്നും മുസ്‌ലിംലീഗ് ദേശീയ ജനറൽ സെക്രട്ടറി P.K കുഞ്ഞാലിക്കുട്ടി കോഴിക്കോട്ട് പറഞ്ഞു. ഇത്

ഗവൺമെന്റിന്റെ വിശ്വാസ്യതയെ ബാധിക്കുന്ന കാര്യങ്ങളാണെന്ന് അദ്ദേഹം അഭിപ്രായപ്പെട്ടു.

വയനാട് പുനരധിവാസ പ്രവർത്തനങ്ങളിൽ മുസ്ലിം ലീഗിന്റെ ക്രൗഡ് ഫണ്ടിംഗ് വിജയമാണെന്നും ഗവൺമെന്റുമായി ആലോചിച്ച് തുടർനടപടിയെക്കുമെന്നും അദ്ദേഹം പറഞ്ഞു. വയനാടിനൊപ്പം വിലങ്ങാടും സഹായമെത്തിക്കുമെന്നും കുഞ്ഞാലിക്കുട്ടി അറിയിച്ചു.

✪✪✪

ആഭ്യന്തര വകുപ്പുമായി ബന്ധപ്പെട്ട് P.V അൻവർ ഉന്നയിച്ച ആരോപണങ്ങൾ അങ്ങേയറ്റം ഞെട്ടിക്കുന്നതും, ഗൗരവകരവുമാണെന്ന് BJP സംസ്ഥാന ജനറൽ സെക്രട്ടറി M.T രമേശ് പറഞ്ഞു. ഭരണകക്ഷി MLA ഉന്നയിച്ച ആരോപണത്തിൽ മുഖ്യമന്ത്രി മറുപടി പറയണമെന്ന് രമേശ് കോഴിക്കോട്ട് ആവശ്യപ്പെട്ടു.

✪✪✪

പാരീസ് പാരാലിമ്പിക്സിന്റെ നാലാം ദിവസവും ഇന്ത്യ മികച്ച പ്രകടനം കാഴ്ചവെച്ചു. ഒരു സ്വർണവും രണ്ട് വെള്ളിയും നാല് വെങ്കലവും ഉൾപ്പെടെ ഇന്ത്യയുടെ ആകെ മെഡൽ നേട്ടം ഏഴായി.

ന്യൂസ് ഡെസ്ക്കിൽ നിന്ന് കൂടുതൽ വിവരങ്ങൾ

....(വോയ്സ്)...

അത്‌ലറ്റിക്സിൽ ഇന്ത്യയുടെ നിഷാദ് കുമാർ പുരുഷന്മാരുടെ ഹൈ ജമ്പ് -T 47 ഇനത്തിൽ വെള്ളി മെഡൽ നേടി. വനിതകളുടെ 200 മീറ്റർ T-35 ഇനത്തിൽ പ്രീതി പാൽ രണ്ടാമത്തെ വെങ്കലവും സ്വന്തമാക്കി. നേരത്തെ 100 മീറ്റർ T-35 ഇനത്തിലും പ്രീതി വെങ്കലം നേടിയിരുന്നു. വനിതാ ബാഡ്മിന്റണിൽ, തുളസിമതി മുരുകേശൻ ഫൈനലിൽ ഇന്ന് ചൈനയുടെ ക്യു സിയാ യാങ്ങുമായി ഏറ്റുമുട്ടും.

ബാഡ്മിന്റൺ പുരുഷ സിംഗിൾസിൽ നിതേഷ് കുമാർ ബ്രിട്ടന്റെ ബെഥേൽ ഡാനിയേലിനെ ഫൈനലിൽ നേരിടും.

✪✪✪

കേരള ഫുഡ് ടെക് കോൺക്ലേവ് ഇന്ന് കൊച്ചിയിൽ സംഘടിപ്പിക്കും. ഭക്ഷ്യ സംസ്കരണ മേഖലയിലെ നൂതന സാങ്കേതിക വിദ്യകൾ പരിചയപ്പെടുത്താനും, മേഖലയിലെ കേരളത്തിന്റെ സാധ്യതകൾ കൂടുതൽ നിക്ഷേപകരിലേക്കെത്തിക്കാനും ലക്ഷ്യമിട്ടാണ് പരിപാടി.

✪✪✪

മഹാരാജ ട്രോഫി KSCA  ട്വന്റി 20 ക്രിക്കറ്റിന്റെ മൂന്നാം സീസൺ കിരീടം മൈസൂർ വാരിയേഴ്സ് സ്വന്തമാക്കി. അവസാന മത്സരത്തിൽ 45 റൺസിന് ബെംഗളൂരു ബ്ലാസ്റ്റേഴ്സിനെ പരാജയപ്പെടുത്തിയാണ് മൈസൂർ വാരിയേഴ്സിന്റെ നേട്ടം.

✪✪✪

കണ്ണൂർ ജില്ലാ തദ്ദേശ അദാലത്ത്  ഇന്ന്.  കണ്ണൂർ മുണ്ടയാട് ഇൻഡോർ സ്റ്റേഡിയത്തിൽ അദാലത്തിന് മന്ത്രി MB. രാജേഷ് നേതൃത്വം  നൽകും.

വിശദാംശങ്ങളുമായി  കണ്ണൂർ ജില്ലാ പ്രതിനിധി K.O ശശിധരൻ.

......(വോയ്സ്)................

✪✪✪

വടകരയിലെ വിവാദ സ്ക്രീൻഷോട്ട്,  ഹേമ കമ്മിറ്റി റിപ്പോർട്ട് എന്നിവയിൽ ഗവണ്മെന്റ് കുറ്റക്കാരെ സംരക്ഷിക്കുന്ന നടപടികൾ സ്വീകരിക്കുന്നതായി ആരോപിച്ച്  UDF ഇന്ന് തിരുവനന്തപുരത്ത് സെക്രട്ടേറിയറ്റിന് മുന്നിൽ  പ്രതിഷേധ സംഗമം സംഘടിപ്പിക്കും. പ്രതിപക്ഷ നേതാവ് VD സതീശൻ രാവിലെ പ്രതിഷേധ സംഗമം ഉദ്ഘാടനം ചെയ്യും.

✪✪✪

ഇന്നലെ അന്തരിച്ച എഴുത്തുകാരനും സാംസ്കാരിക പ്രവർത്തകനുമായ  കനവ് ബേബിയുടെ ഭൗതികശരീരം രാവിലെ വയനാട് നടവയൽ കോ ഓപ്പറേറ്റീവ് കോളജിൽ പൊതുദർശനത്തിനുവെയ്ക്കും. ഉച്ചയ്ക്ക് തൃശിലേരി ശ്മശാനത്തിൽ സംസ്കരിക്കും. ഇന്നലെ രാവിലെ നടവയലിലെ വീടിനോട് ചേർന്ന കളരിയിൽ 70 കാരനായ  ബേബിയെ മരിച്ച നിലയിൽ കണ്ടെത്തുകയായിരുന്നു.

✪✪✪